(ബി) ഇതിൽ എത്ര റോഡുകൾക്ക് എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(സി) പ്രസ്തുത റോഡുകൾ തെരെഞ്ഞെടുത്തത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.

(സി) പട്ടികവർഗ്ഗ കോളനികളിലേക്കുള്ള നിലവിലെ റോഡുകളുടെ ശോചനീയാവസ്ഥയും കോളനി നിവാസികളുടെ ആവശ്യവും പരിഗണിച്ചാണ് റോഡുകൾ നിർമ്മാണത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്.

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി

290 (677) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും അവയിൽ എത്ര ഇക വിതരണം ചെയ്തിട്ടുണ്ടെന്നും റവന്യൂ വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ഭവന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1751 പേർക്ക് വകുപ്പിന്റെ വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ വീട് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിനായി ആകെ 27,07,70,989 രൂപ (ഇരുപത്തിയേഴ് കോടി ഏഴ് ലക്ഷത്തി എഴുപതിനായിരത്തി തൊള്ളായിരത്തി എൺപത്തിയൊൻപത് രൂപ) ചെലവഴിച്ചു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്

291 (678) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകളിലായി ഗവേഷണം നടത്തി വരുന്ന പട്ടികവർഗ്ഗ വിദ്യർത്ഥികളുടെ ആകെ എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ ഗവേഷണ സ്കോളർഷിപ്പ് യഥാസമയം വിതരണം ചെയ്യുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്കോളർഷിപ്പ് എത്ര മാസം കുടിശ്ശികയാണ് എന്നത് വ്യക്തമാക്കാമോ;

(ഡി) സ്കോളർഷിപ്പ് ഇനത്തിൽ എത്ര രൂപ വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകളിലായി ആകെ 9 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഗവേഷണം നടത്തി വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കുടിശ്ശികയില്ല.

(ഡി) സ്കോളർഷിപ്പ് ഇനത്തിൽ രൂക വിതരണം ചെയ്യാനില്ല.

പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി പ്രീ-മെട്രിക് ഹോസ്റ്റൽ

292 (680) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി എത്ര പ്രീ-മെട്രിക് ഹോസ്റ്റൽ നിലവിലുണ്ടെന്ന് വിശദീകരിക്കാമോ ;

(ബി) ജില്ലയിലെ ബേഡഡുക്ക പഞ്ചായത്തിൽ പുതിയതായി പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി പ്രീ-മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് അറിയിക്കുമോ ;

(ഡി) അടുത്ത അദ്ധ്യയന വർഷാരംഭം മുതൽ ഹോസ്റ്റൽ പ്രവർത്തനം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly